# കേരളത്തിലെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്ക് വേണ്ടി മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട് നടത്തുന്ന ഓറിയന്റേഷൻ സെഷനിലേക്കുള്ള കരട് പഠനസാമഗ്രി

മാലിന്യമുക്ത നവകേരളത്തിനായി ജനകീയ ക്യാമ്പയിൻ

ശുചിത്വ മിഷൻ
തദ്ദേശ സ്വയം ഭരണ വകുപ്പ്, കേരള സർക്കാർ



കേരളത്തിലെ ഉന്നതവിദ്യാഭ്യാസ
സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്ക് വേണ്ടി
മാലിന്യപരിപാലനവുമായി ബന്ധപ്പെട്ട് നടത്തുന്ന
ഓറിയന്റേഷൻ സെഷനിലേക്കുള്ള കരട് പഠനസാമഗ്രി

ശുചിത്വ മിഷൻ

**Publication:** Suchitwa Mission, Kerala

**Core Committee on University Syllabus & Waste Management:**
Dr. Joy Elamon, Dr. Punnen Kurian, Sri Rohith Joseph

**Sub Committee on Material for Orientation programme:**
Sri Bineesh Kumar B S, Dr. Sangamesan K M, Dr. Suchithra K R,
Sri Raveendrakumar D, Dr. Jiju A. Mathew, Dr. Sylas V P,
Dr. Naveen Leno, Dr. Boby Philip, Dr. Shyla G, Ms. Neha Miriam Kurian,
Ms. Anjali S H, Mrs. Ashitha Tharian, Ms. Alfiya A

**Consultation:**
Sri N Jagjeevan

**Content Support & Editing:**
Sri Abraham Thomas Ranjith, Sri Gokul Prasannan,
Sri P K Ravikrishnan, Liji George, V. Rajendran Nair,
Ms. Suhana R H, Sri Aromal A S,Sri Harikrishnan K,
Ms. Arya C V,

**Design :** Tag Support Forum

**Co-ordination:** Sri Ameersha R S, Sri P K Ravikrishnan



**എം.ബി. രാജേഷ്**

( തദ്ദേശ സ്വയംഭരണം,
എക്സൈസ്,
പാർലമെന്ററി കാര്യ
വകുപ്പ് മന്ത്രി )

കേരളം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളികളിൽ ഒന്നാണ് മാലിന്യ പരിപാലനം. ഈ വെല്ലുവിളിയെ നേരിടാനുള്ള കേരളീയ സമൂഹത്തിന്റെ ഒറ്റക്കെട്ടായ പോരാട്ടമാണ് മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ. വരുന്ന ആറ് മാസത്തിനുള്ളിൽ കേരളത്തെ പൂർണമായും മാലിന്യമുക്തമാക്കുകയെന്ന മഹത്തായ ലക്ഷ്യമാണ് ഈ ക്യാമ്പയിൻ മുന്നോട്ട് വയ്ക്കുന്നത്.

ക്യാമ്പയിൻ ലക്ഷ്യത്തിലെത്തിക്കാൻ എല്ലാ വിഭാഗം ജനങ്ങളുടെയും സഹകരണം അത്യന്താപേക്ഷിതമാണ്. പ്രത്യേകിച്ച് വിദ്യാർത്ഥികളുടെയും യുവാക്കളുടേയും പങ്ക് വളരെ പ്രധാനമാണ്. അവരെ ഈ ക്യാമ്പയിന്റെ മുൻനിരയിൽ കൊണ്ടു വരുന്നതിന് മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട മാർഗനിർദ്ദേശം അത്യാവശ്യമാണ്. ഇതിനായി വിവിധ സർവകലാശാലകളിലെ അധ്യാപകരുടെ സഹകരണത്തോടെ സംസ്ഥാന ശുചിത്വ മിഷൻ ഒരു കൈപ്പുസ്തകം തയാറാക്കിയിട്ടുണ്ട്. കേരളത്തിലെ സർവകലാശാലകളുടെ നിയന്ത്രണത്തിൽ വരുന്ന കോളേജുകളിൽ പ്രവേശനം നേടുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും മാലിന്യ പരിപാലന വിഷയത്തിൽ പ്രാഥമികവും അടിസ്ഥാനപരവുമായ വിദ്യാഭ്യാസം ലഭ്യമാക്കാൻ സഹായകരമായ കൈപ്പുസ്തകമാണ് ശുചിത്വ മിഷൻ അവതരിപ്പിക്കുന്നത്. ശുചിത്വമിഷന്റെ ഈ പ്രവർത്തനം എന്തുകൊണ്ടും പ്രശംസനീയമാണ്.

ഈ കൈപ്പുസ്തകം ഉപയോഗിച്ച് വരും തലമുറകൾക്കിടയിൽ മാലിന്യ പരിപാലന സംസ്കാരം വളർത്തിയെടുക്കാൻ നമ്മുടെ സർവകലാശാലകൾ മുൻകൈ എടുക്കുമെന്ന് പ്രത്യാശിക്കുന്നു.



**യു വി ജോസ്**
**ഐ എ എസ്**
(റിട്ടയർഡ്)

( എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ )

സ്കൂൾ തലം മുതൽ സർവകലാശാല തലം വരെയുള്ള പാഠ്യ പദ്ധതികളിൽ മാലിന്യ പരിപാലനത്തിന് അർഹമായ സ്ഥാനം നേടിക്കൊടുക്കാനുള്ള പ്രയത്നങ്ങൾ ശുചിത്വ മിഷന്റെ ഭാഗത്ത് നിന്ന് എല്ലായ്പ്പോഴും ഉണ്ടായിട്ടുണ്ട്. മാലിന്യമുക്തം നവകേരളം ക്യാമ്പയിൻ ആരംഭിച്ചതോടുകൂടി ഈ പ്രവർത്തനങ്ങൾക്ക് കരുത്താർജ്ജിച്ചിട്ടുണ്ട്. സ്കൂൾ പാഠ്യ പദ്ധതിയിൽ കഴിഞ്ഞ വർഷം തന്നെ മാലിന്യ പരിപാലനം പ്രമുഖ സ്ഥാനം നേടിക്കഴിഞ്ഞിരുന്നു. ഈ വർഷം നാം ശ്രദ്ധ കേന്ദ്രീകരിക്കുന്നത് സർവകലാശാല പാഠ്യപദ്ധതികളിലാണ്. ഈ ദിശയിലുള്ള പ്രവർത്തങ്ങളുടെ ആദ്യ നേട്ടമാണ് ഈ കൈപ്പുസ്തകം. നമ്മുടെ സർവകലാശാലകളുടെ നിയന്ത്രണത്തിലുള്ള കോളേജുകളിൽ പ്രവേശനം നേടുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും മാലിന്യ പരിപാലന വിഷയത്തിൽ ആവശ്യമായ അടിസ്ഥാനപരമായ വിദ്യാഭ്യാസം പകർന്നു നൽകുകയാണ് ഉദ്ദേശം. ഈ കൈപ്പുസ്തകം ഏറെ സന്തോഷത്തോട് കൂടി ഞാൻ കേരളീയ വിദ്യാർത്ഥി/അധ്യാപക സമൂഹങ്ങൾക്ക് സമർപ്പിക്കുന്നു.

കേരളത്തിലെ വിവിധ സർവകലാശാലകളുടെ പ്രതിനിധികളായ അധ്യാപകരും സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിലെ വിദഗ്ധരും ഈ കൈപ്പുസ്തകം യാഥാർഥ്യമാവുന്നതിൽ പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. അതു പോലെ ഈ ആവശ്യത്തിന് രൂപീകരിച്ച കോർ കമ്മിറ്റി അംഗങ്ങളും ശുചിത്വ മിഷനിലെ എന്റെ സഹപ്രവർത്തകരും ഇതിൽ പ്രവർത്തിച്ചിട്ടുണ്ട്. ഇവർക്കെല്ലാവർക്കും ശുചിത്വ മിഷന്റെ നന്ദി രേഖപ്പെടുത്താനും ഞാൻ ഈ അവസരം ഉപയോഗിക്കുന്നു.

# ഉള്ളടക്കം

08 : മാലിന്യം അല്ലെങ്കിൽ പാഴ്‌വസ്തുക്കൾ എന്നത് കൊണ്ട് എന്താണ് അർഥമാക്കുന്നത് ?

10 : മാലിന്യ നിർമാർജ്ജനവും പരിപാലനവും എങ്ങനെയാണ് വ്യത്യസ്തമാവുന്നത് ?

12 : മാലിന്യ പരിപാലനവും ഇന്ത്യൻ സാഹചര്യങ്ങളും

14 : കേരളവും മാലിന്യ പരിപാലന സംബന്ധിയായ വെല്ലുവിളികളും

16 : സംസ്ഥാനത്തിന്റെ ഖര മാലിന്യപരിപാലന നയം പ്രധാനപ്പെട്ട കാഴ്ചപ്പാടുകൾ

18 : മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ലഭ്യമായ സംവിധാനങ്ങൾ

23 : എന്താണ് ഹരിത പ്രോട്ടോക്കോൾ?

26 : ക്യാമ്പസുകളിൽ എങ്ങനെ ഹരിത പ്രോട്ടോക്കോൾ പാലിക്കാം?

28 : മാലിന്യ പരിപാലനം സംബന്ധിച്ച നിയമപരമായ ബാധ്യതകൾ

30 : മാലിന്യമുക്തം നവകേരളം ക്യാമ്പയിൻ

34 : മാലിന്യമുക്തം നവകേരളത്തിനായി ജനകീയ ക്യാമ്പയിൻ

35 : നമ്മുടെ വിദ്യാർത്ഥികളുടെയും യുവാക്കളുടെയും മുന്നിലെ ദൗത്യം

36 : മാലിന്യ പരിപാലന രംഗത്തെ അപൂർവ്വ കേരള മാതൃകകൾ

# എന്താണ്
# മാലിന്യം



**മാലിന്യം അല്ലെങ്കിൽ പാഴ്‌വസ്തുക്കൾ എന്നത് കൊണ്ട് എന്താണ് അർത്ഥമാക്കുന്നത് ?**

വിശാലമായ അർത്ഥത്തിൽ നമുക്ക് ഉപയോഗമില്ലാത്തതോ ഇപ്പോഴുള്ള രൂപത്തിൽ ഉപയോഗ സാധ്യത ഇല്ലാത്തതോ അല്ലെങ്കിൽ ഉപേക്ഷിക്കുക മാത്രമാണ് പോംവഴി എന്ന് നാം കരുതുന്നതോ ആയ വസ്തുക്കളെയാണ് പാഴ്‌വസ്തുക്കൾ എന്ന് വിളിക്കുന്നത്. ഇവയിൽ ചിലത് മറ്റുള്ളവർക്ക് ഉപയോഗകരമായിരിക്കാം അല്ലെങ്കിൽ ഇവയുടെ രൂപമോ ഘടനയോ മാറ്റി നമുക്കു തന്നെയോ മറ്റുള്ളവർക്കോ ഉപയോഗിക്കാൻ കഴിയുന്നവ ആയിരിക്കാം. ഈ വസ്തുക്കൾ ഖര രൂപത്തിലോ ദ്രാവക രൂപത്തിലോ വാതക രൂപത്തിലോ ഉള്ളവ ആവാം. അപകടകരമോ അല്ലാത്തതോ, എളുപ്പത്തിൽ ദ്രവിച്ച് പോവുന്നതോ അല്ലാത്തതോ ആവാം.



# മാലിന്യ നിർമാർജ്ജനവും പരിപാലനവും

## എങ്ങനെയാണ് വ്യത്യസ്തമാവുന്നത് ?

മുൻകാലങ്ങളിൽ മാലിന്യ നിർമാർജ്ജനം എന്ന വാക്കാണ് നാം കൂടുതൽ ഉപയോഗിച്ചിരുന്നത്. എന്നാൽ ഇപ്പോൾ അതിനുപകരമായി മാലിന്യ പരിപാലനം എന്ന വാക്കാണ് നാം ഉപയോഗിക്കുന്നത്. ഇതിന് കാരണം ഓരോ ദിവസവും കൂടുതൽ കൂടുതലായി രൂപപ്പെടുന്ന മാലിന്യങ്ങളിൽ നിന്ന് മനുഷ്യരാശി നേരിടുന്ന യഥാർത്ഥ വെല്ലുവിളി നാം തിരിച്ചറിയുന്നു എന്നത് തന്നെയാണ്. കോപ്പൻഹേഗൻ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ദി വേൾഡ് കൗണ്ട് എന്ന സന്നദ്ധ സംഘടനയുടെ പഠനമനുസരിച്ച് 2.12 ബില്ല്യൺ ടൺ വസ്തുക്കളാണ് ഓരോ വർഷവും മാലിന്യ രൂപത്തിൽ ഭൂമിയിൽ നിക്ഷേപിക്കപ്പെടുന്നത്.

വരും കാലങ്ങളിൽ ദൈനംദിന ജീവിതത്തിന്റെ ഭാഗമായി രൂപപ്പെടുന്ന മാലിന്യങ്ങൾ ഉപേക്ഷിക്കാനോ നിക്ഷേപിക്കാനോ ആവശ്യമായ സ്ഥലം ഭൂമിയിൽ കണ്ടെത്തുക പോലും ബുദ്ധിമുട്ടായിരിക്കും എന്നാണ് ഇതുപോലെയുള്ള പഠനങ്ങൾ വ്യക്തമാക്കുന്നത്.



രൂപപ്പെടുന്ന സ്ഥലങ്ങളിൽ നിന്നും ശേഖരിച്ച് ജനവാസമില്ലാത്ത സ്ഥലങ്ങളിലോ ഭൂമിക്കടിയിലോ ജലാശയങ്ങളിലോ ഉപേക്ഷിക്കുകയെന്നത് മാലിന്യ പ്രശ്നത്തിന് ഒരു സ്ഥായിയായ പരിഹാരം അല്ലെന്ന് ഇന്ന് ലോകം തിരിച്ചറിയുന്നു. മനുഷ്യരാശിക്ക് ലഭ്യമായ അസംസ്കൃത വസ്തുക്കളും അവയിൽ നിന്ന് ഉത്പാദിപ്പിക്കപ്പെടുന്ന മറ്റു വസ്തുക്കളും ഏറ്റവും ചുരുങ്ങിയ അളവിൽ മാത്രം ഉപയോഗിക്കുകയും (reduce) പുനരുപയോഗിക്കാവുന്ന വസ്തുക്കൾ പുനരുപയോഗിക്കുകയും (reuse) രൂപത്തിലോ ഘടനയിലോ മാറ്റം വരുത്തി ഉപയോഗിക്കാവുന്ന വസ്തുക്കൾ പുന:ചംക്രമണം ചെയ്ത് ഉപയോഗിക്കുകയും (upcycle & recycle) ചെയ്തുകൊണ്ട് ഈ പ്രശ്നത്തിന് ശാസ്ത്രീയമായ പരിഹാരം തേടുകയാണ് ഇന്ന് നാം. തീർത്തും ഉപയോഗ ശൂന്യമായ വസ്തുക്കൾ മാത്രമാണ് പൂർണമായും ഉപേക്ഷിക്കപ്പെടേണ്ടത്. അതും തികച്ചും ശാസ്ത്രീയവും സുരക്ഷിതവുമായ മാർഗങ്ങളിലൂടെമാത്രം. ഈ ശാസ്ത്രീയമായ കാഴ്ചപ്പാടിനെയാണ് മാലിന്യ പരിപാലനം എന്ന വാക്ക് കൊണ്ട് ഉദ്ദേശിക്കുന്നത്.

ദ്രവ മാലിന്യ പരിപാലനം എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് നമ്മൾ ഉപയോഗിച്ച വെള്ളം അണുവിമുക്തമായി സംസ്കരിച്ച് മാത്രം പുറത്ത് വിടുകയോ പുനരുപയോഗിക്കുകയോ ചെയ്യുക എന്നാണ്. ദ്രവ മാലിന്യ സംസ്കരണം കേരളം നേരിടുന്ന വലിയൊരു വെല്ലുവിളിയായി കഴിഞ്ഞിരിക്കുന്ന ഒരു പ്രത്യേക സാഹചര്യത്തിലൂടെയാണ് നാം കടന്നു പോയ്ക്കൊണ്ടിരിക്കുന്നത്. 2016 ൽ വെളിയിട വിസർജ്ജന മുക്ത പ്രദേശമായി പ്രഖ്യാപിച്ച സംസ്ഥാനമാണ് കേരളം. എന്നാൽ കക്കൂസ് മലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുവാൻ ആവശ്യമായ സംവിധാനങ്ങളുടെ അപര്യാപ്തത കാരണം ഉണ്ടാകുന്ന രണ്ടാംനിര പ്രശ്നങ്ങൾ ഏറ്റവുമധികം നേരിടുന്ന ഒരു പ്രദേശമായി നമ്മുടെ സംസ്ഥാനം മാറിയിരിക്കുന്നു. കക്കൂസിനോട് അനുബന്ധമായി നിർമ്മിക്കുന്ന സെപ്റ്റിക്ക് ടാങ്കുകളിൽ സംഭരണവും പ്രാഥമിക പരിവർത്തനവും മാത്രമേ നടക്കുന്നുള്ളൂ. അതിനാൽ ഇത്തരം സെപ്റ്റിക്ക് ടാങ്കുകളിൽ നിന്നും ചുരുങ്ങിയത് മൂന്നു വർഷത്തിൽ ഒരിക്കലെങ്കിലും മാലിന്യം ശേഖരിച്ച് ശാസ്ത്രീയ രീതിയിൽ സംസ്കരിക്കേണ്ടതുണ്ട്. ഇത്തരത്തിൽ സംസ്കരിക്കാതിരുന്നാൽ സെപ്റ്റിക് ടാങ്കുകളിൽ നിന്നും പുറന്തള്ളപ്പെടുന്ന ജലത്തിനോടൊപ്പം മനുഷ്യവിസർജ്യം കൂടി കലരുകയും അവ പരിസര മലിനീകരണം, ജലമലിനീകരണം എന്നിവയ്ക്ക് കാരണമാവുകയും ചെയ്യുന്നു.






# മാലിന്യ പരിപാലനവും
# ഇന്ത്യൻ സാഹചര്യങ്ങളും

ലോകത്തിൽ ഏറ്റവും അധികം ജനങ്ങൾ താമസിക്കുന്ന രാജ്യമാണ് നമ്മുടേത്. സാമ്പത്തികവും സാമൂഹ്യവുമായ അസന്തുലിതാവസ്ഥയും അതുമൂലം സമൂഹത്തിന്റെ വലിയൊരു വിഭാഗത്തിന് നിഷേധിക്കപ്പെടുന്ന അടിസ്ഥാന സൗകര്യങ്ങളും മാലിന്യ പരിപാലനത്തെ ആധുനിക ഇന്ത്യ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളികളിൽ ഒന്നാക്കി മാറ്റിയിരിക്കുന്നു.

ഈ വിഷയത്തിൽ തികച്ചും വിശ്വസനീയമായ കണക്കുകൾ പ്രകാരം നമ്മുടെ മുന്നിൽ ഉത്പാദിപ്പിക്കുന്ന മാലിന്യം ഏതാണ്ട് 62 ദശലക്ഷം ടൺ വരും. അതിൽ നിന്നും 43 ദശലക്ഷം ടൺ (70%) ശേഖരിക്കപ്പെടുന്നു എന്നാണ് കണക്കാക്കുന്നത്. ഇതിൽ നിന്നും ഉദ്ദേശം 12 ദശലക്ഷം ടൺ സംസ്കരിക്കപ്പെടുകയും ബാക്കി 31 ദശലക്ഷം ടൺ കുഴിച്ചു മൂടപ്പെടുകയും ചെയ്യുന്നു എന്ന് കണക്കാക്കുന്നു. കുഴിച്ചു മൂടുന്ന മാലിന്യത്തിൽ തന്നെ വളരെ ചെറിയൊരു ശതമാനം മാത്രമാണ് ലോക നിലവാരങ്ങൾ അനുസരിച്ച് ശാസ്ത്രീയമായി കുഴിച്ചു മൂടപ്പെടുന്നത്. പരിസ്ഥിതി കാര്യ നിർവഹണ സൂചിക (Environment Performance Index EPI) തയാറാക്കുന്നതിന്റെ രീതി ശാസ്ത്രത്തെക്കുറിച്ച് അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടെങ്കിലും 2022 ൽ ഈ സൂചികയനുസരിച്ച് ലോക രാജ്യങ്ങളിൽ ഏറ്റവും പിറകിൽ നിൽക്കുന്ന രാജ്യങ്ങളിൽ ഒന്നാണ് ഇന്ത്യ എന്നത് ഒരു മുന്നറിയിപ്പായി നാം സ്വീകരിച്ചേ മതിയാവൂ.

പ്രതിദിന പ്രതിശീർഷ മാലിന്യ ഉത്പാദനം കണക്കിലെടുക്കുകയാണെങ്കിൽ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളുടെ സ്ഥിതി താഴെക്കൊടുത്തിരിക്കുന്നു:



ഖര മാലിന്യങ്ങൾ ശരിയായ രീതിയിൽ സംസ്കരിക്കുന്നതിൽ സംസ്ഥാനങ്ങളുടെ സ്ഥിതി താഴെ കൊടുത്തിരിക്കുന്നു:




Annual Report on Solid Waste Management (2020-21), CPCB, Delhi

അതിവേഗത്തിലുള്ളതും അസന്തുലിതവുമായുള്ള നഗരവൽക്കരണം മാലിന്യ പരിപാലന മേഖലയെ അതീവ ഗുരുതരമായ സാഹചര്യങ്ങളിലേയ്ക്ക് കൊണ്ടെത്തിക്കുമെന്ന് തിരിച്ചറിഞ്ഞ് ഈ മേഖലയിലെ വെല്ലുവിളികൾ നേരിടാൻ രാജ്യത്തെ സജ്ജമാക്കുക എന്ന ഉദ്ദേശത്തോടെയാണ് 2014 ൽ സ്വച്ഛ് ഭാരത് മിഷൻ ആരംഭിച്ചത്. 2019 ഓടെ കൂടി രാജ്യത്തെ മാലിന്യ മുക്തമാക്കുകയെന്ന ലക്ഷ്യവുമായി ആരംഭിച്ച ഈ മിഷൻ ആണ് ഇന്ന് രാജ്യത്തെ മാലിന്യ പരിപാലന മേഖലയിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. ഇതിന് സമാന്തരമായി സംസ്ഥാന ശുചിത്വ മിഷൻ ആണ് കേരളത്തിലെ ഈ മേഖലയിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. സ്വച്ഛ് ഭാരത് മിഷൻ പ്രവർത്തനങ്ങൾ നമ്മുടെ സംസ്ഥാനത്ത് നടപ്പാക്കപ്പെടുന്നത് ശുചിത്വ മിഷന്റെ നേതൃത്വത്തിലാണ്.

# കേരളവും മാലിന്യ പരിപാലന സംബന്ധിയായ വെല്ലുവിളികളും

ആധുനിക കേരളം നേരിടുന്ന വലിയ വെല്ലുവിളികളിൽ ഒന്നാണ് മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ടത്. സാമൂഹിക സാമ്പത്തിക മേഖലകളിൽ നാം നേടിയെടുത്ത ബഹുമുഖ വികസനത്തിന്റെ ഒരു ഉപോത്പന്നമാണ് ഈ പ്രശ്നം എന്ന് പറഞ്ഞാലും തെറ്റാവില്ല. കഴിഞ്ഞ ചില ദശകങ്ങളായി മലയാളികളുടെ ക്രയശേഷിയിൽ കാര്യമായ വർദ്ധനവ് തന്നെയാണ് ഉണ്ടായിരിക്കുന്നത്. അതുകൊണ്ടു തന്നെയാണ് നമ്മൾ ആവശ്യമുള്ളതിനെക്കാൾ ഒരുപാട് സാധനങ്ങൾ വാങ്ങുന്നതും രൂപപ്പെടുന്ന മാലിന്യങ്ങളുടെ അളവ് ദൈനംദിനം കൂടിവരികയും ചെയ്യുന്നത്. അതിവേഗത്തിൽ നടക്കുന്ന നഗരവൽക്കരണം കേരളത്തെ ഒരു സംസ്ഥാനമെന്നതിലുപരി ഒരു മഹാ നഗരമാക്കി മാറ്റിക്കൊണ്ടിരിക്കുകയാണ്. ഇത് കൊണ്ടുതന്നെ സംസ്ഥാനത്തെ മാലിന്യ പരിപാലന മേഖല ഗുരുതരമായ ഒരു പ്രതിസന്ധിയിൽ നിന്നും ഏറെ അകലെയല്ലെന്ന സത്യം നാം അംഗീകരിച്ചേ മതിയാവൂ.

ഇത്തരത്തിൽ വർധിച്ചു വരുന്ന മാലിന്യ പ്രശ്നനങ്ങൾ ഉൾപ്പെടെ പരിഹരിക്കാനായാണ് 2016 ൽ സംസ്ഥാന സർക്കാർ ഹരിതകേരളം മിഷന് രൂപം നൽകിയത്. നിലവിലുണ്ടായിരുന്ന നിരവധി മാലിന്യ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ



കഴിഞ്ഞ എട്ടുവർഷക്കാലത്തെ ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളിലൂടെ സാധിച്ചിട്ടുണ്ട്. പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ പാഴ്‌വസ്തുക്കളുടെ ശേഖരണത്തിനും സംസ്കരണത്തിനും ഒരു തരം സംവിധാനവും നിലവിലില്ലാതിരുന്ന സാഹചര്യമായിരുന്നു മിഷൻ നിലവിൽ വരുന്നതുവരെ ഉണ്ടായിരുന്നത്. ഭക്ഷണ മാലിന്യങ്ങൾ ഉൾപ്പെടെയുള്ള ജൈവമാലിന്യങ്ങൾ ഉറവിടത്തിലോ കമ്യൂണിറ്റി തലത്തിലോ സംസ്കരിക്കുന്നതിനുള്ള സംവിധാനങ്ങളും പരിമിതമായി മാത്രമാണ് നിലവിലുണ്ടായിരുന്നത്. ഇ - മാലിന്യങ്ങൾ പ്രത്യേകതരം മാലിന്യങ്ങൾ എന്നിവയുടെ ശേഖരണ സംസ്കരണ സംവിധാനങ്ങളുടെ സ്ഥിതിയും വ്യത്യസ്തമായിരുന്നില്ല. ഹരിതകേരളം മിഷൻ മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിലാണ് അജൈവ പാഴ് വസ്തുക്കളുടെ വാതിൽപ്പടി ശേഖരണത്തിന് ഹരിതകർമ സേന എന്ന സംവിധാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ രൂപീകരിക്കപ്പെട്ടത്. തുടർന്ന് ശേഖരിക്കുന്ന പാഴ് വസ്തുക്കൾ താത്കാലികമായി സൂക്ഷിക്കാനുള്ള എം. സി. എഫുകളും മിനി എം.സി. എഫുകളും, അവയെ തരം തിരിക്കാനും ബെയിലിങ് ഷ്രഡിങ് എന്നിവ നടത്താനുമുള്ള ആർ.ആർ.എഫുകളും, ഇവ സുരക്ഷിത പുനഃചംക്രമണത്തിന് ഏറ്റെടുക്കാനായി ക്ലീൻ കേരള കമ്പനിയുടെ ചുമതലയുമെല്ലാം നിലവിൽ വന്നതോടെയാണ് സംസ്ഥാനത്തെ മാലിന്യ പ്രശ്നങ്ങളുടെ ശാസ്ത്രീയമായ പരിഹാരത്തിന് തുടക്കമായത്. ഹരിതകേരളം മിഷന്റെ ശുചിത്വ - മാലിന്യ സംസ്കരണ ഉപമിഷനായി പ്രവർത്തിച്ച് ഈ പ്രവർത്തനങ്ങൾക്ക വേണ്ട സാമ്പത്തിക സാങ്കേതിക സഹായങ്ങൾ ലഭ്യമാക്കുന്നതും ശുചിത്വ മിഷൻ ആണ്. ജൈവമാലിന്യ സംസ്കരണത്തിൽ വികേന്ദ്രീകൃത ഉറവിടമാലിന്യ സംസ്കരണം എന്ന രീതിശാസ്ത്രം ആണ് കേരളം അനുവർത്തിച്ചു വരുന്നത്. ഉറവിട സംസ്കരണം സാധ്യമല്ലാത്ത സ്ഥലങ്ങളിൽ മാത്രം കമ്മ്യൂണിറ്റി തല സംവിധാനങ്ങൾ വഴി മാലിന്യങ്ങൾ കമ്പോസ്റ്റോ ബയോഗ്യാസോ ആക്കി മാറ്റുന്നു. ഗാർഹിക, സ്ഥാപന ,കമ്മ്യൂണിറ്റി തല മാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിയിൽ ഉൾപ്പെടുത്തി സഹായം ലഭ്യമാക്കുന്നുണ്ട്. ഇതിനാവശ്യമായ സാമ്പത്തിക ചെലവിന്റെ ഒരു ഭാഗവും അവശ്യ സാങ്കേതിക പിന്തുണയും ശുചിത്വ മിഷൻ നൽകുന്നുണ്ട്.

# സംസ്ഥാനത്തിന്റെ ഖര മാലിന്യപരിപാലന നയം

# പ്രധാനപ്പെട്ട കാഴ്ചപ്പാടുകൾ

**മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ തരം  തിരിക്കുക**

വീടായാലും വാണിജ്യ സ്ഥാപനങ്ങളായാലും മാലിന്യങ്ങളെ ജൈവ - അജൈവ ഉപയോഗയോഗ്യ - ഉപയോഗശൂന്യ വിഭാഗങ്ങളിലായി വേർതിരിക്കണം.



**ജൈവമാലിന്യങ്ങൾ കഴിയുന്നിടത്തോളം ഉ്രപപ്പെടുന്ന സ്ഥലങ്ങളിൽ തന്നെ സംസ്കരിക്കുക**

ജൈവ മാലിന്യങ്ങൾ ബയോ ബിൻ പോലെയുള്ള സങ്കേതങ്ങൾ ഉപയോഗിച്ച് നമ്മുടെ നിലയിൽ തന്നെ സംസ്കരിക്കണം. ഉറവിട മാലിന്യ സംസ്കരണം സാധ്യമല്ലെങ്കിൽ സാമൂഹ്യാധിഷ്ഠിത മാലിന്യസംസ്കരണ സംവിധാനങ്ങൾ ഉപയോഗിക്കണം.



**അജൈവ മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കാൻ അംഗീകൃത ഏജൻസികൾക്ക് മാത്രം കൈമാറുക.**

അജൈവമാലിന്യങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിയോഗിച്ച ഹരിത കർമ്മ സേനകൾക്കോ അംഗീകൃത ഏജൻസികൾക്കോ മാത്രം കൈമാറണം.



### പൊതു സ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിയാതിരിക്കുക

പൊതുസ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിയുന്നത് കുറ്റകരവും ശിക്ഷാർഹവുമാണ്. മാലിന്യങ്ങൾ അവക്കായി ഒരുക്കിയിട്ടുള്ള സംവിധാനങ്ങളിൽ മാത്രം നിക്ഷേപിക്കുകയും പൊതുസ്ഥലങ്ങൾ വൃത്തിയും ഭംഗിയും ഉള്ളതായി സൂക്ഷിക്കുകയും ചെയ്യണം.



### ജലസ്രോതസ്സുകൾ മലിനമാക്കാതെ സംരക്ഷിക്കുക

ജലാശയങ്ങളിൽ മാലിന്യം വലിച്ചെറിഞ്ഞു മലിനമാക്കാതിരിക്കുക. നീരൊഴുക്ക് തടസപ്പെടുത്താതിരിക്കുക.



### മാലിന്യങ്ങൾ കത്തിക്കരുത്

ഏതുതരം മാലിന്യവും കത്തിക്കുന്നത് ഗുരുതരമായ പാരിസ്ഥിതിക ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുമെന്നതിനാൽ മാലിന്യങ്ങൾ കത്തിക്കുന്നത് പൂർണമായി ഒഴിവാക്കണം. കൈകാര്യം ചെയ്യാൻ പ്രയാസമുള്ള സാനിറ്ററി മാലിന്യങ്ങൾ പോലുള്ളവ മലിനീകരണ നിയന്ത്രണ ബോർഡിൻ്റെ അംഗീകാരമുള്ള ഡബിൾ ചേംബറിൽ ഇൻസിനറേറ്റർ ഉപയോഗിച്ച് മാത്രം കത്തിക്കണം.



# മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട്
# ലഭ്യമായ സംവിധാനങ്ങൾ

## 1 അഴുകുന്ന വസ്തുക്കൾ സംസ്കരിക്കുന്നതിന്

**ഗാർഹിക തലം** (വീടുകൾ, ഫ്ലാറ്റുകൾ, അപ്പാർട്ട്മെന്റുകൾ)

### കലം കമ്പോസ്റ്റ്



ഒരു സെറ്റായി രണ്ട് കലങ്ങൾ ഉപയോഗിക്കാം. ശരിയായ വായുസഞ്ചാരത്തിനായി കലങ്ങളുടെ അടിയിൽ ഒരു ചെറിയ ദ്വാരവും ചുറ്റളവിൽ കുറച്ച് ദ്വാരങ്ങളും ഉണ്ടാക്കുക. ട്രൈപോഡിൽ സൗകര്യപ്രദമായ സ്ഥലത്ത് കലങ്ങൾ (മൂടിയോടു കൂടി) സ്ഥാപിക്കുക. ലീച്ചേറ്റ് ശേഖരിക്കുന്നതിനായി അര ലിറ്റർ ശേഷിയുള്ള പാത്രം ആദ്യത്തെ കലത്തിന് താഴെ വയ്ക്കുക. വേർതിരിക്കപ്പെട്ട ജൈവമാലിന്യങ്ങൾ ദിവസവും ഒരു കലത്തിൽ നിറയ്ക്കാൻ തുടങ്ങുക, കലം അടച്ചു വയ്ക്കുക. ചട്ടിയിൽ നിന്ന് പുറത്തേക്ക് വരുന്ന ലീച്ചേറ്റ് കലത്തിന് താഴെ സ്ഥാപിച്ചിരിക്കുന്ന പ്ലാസ്റ്റിക് പാത്രത്തിൽ ശേഖരിക്കും. ശേഖരിക്കുന്ന ലീച്ചേറ്റ് വെള്ളത്തിൽ ലയിപ്പിച്ച് മരങ്ങൾക്കും ചെടികൾക്കും വളമായി ഉപയോഗിക്കാം. ആദ്യത്തെ കലം നിറഞ്ഞു കഴിഞ്ഞാൽ, രണ്ടാമത്തെ കലം ഉപയോഗിക്കാൻ തുടങ്ങുക. രണ്ടാമത്തെ കലം നിറയുമ്പോഴേക്കും ആദ്യത്തെ കലത്തിലെ മാലിന്യം കമ്പോസ്റ്റായി മാറിക്കഴിഞ്ഞിട്ടുണ്ടാവും. ഇത് നീക്കം ചെയ്ത് ആ കാലം വീണ്ടും ഉപയോഗിക്കാം.



### മണ്ണിര കമ്പോസ്റ്റ്

ചാണക സ്ലറിയുടെ പാളികളും ഉണക്കിയതും അരിഞ്ഞതുമായ പച്ച മാലിന്യങ്ങളും 1: 3 അനുപാതത്തിൽ ശാസ്ത്രീയ സവിശേഷതകളോടെ ഒരു കുഴിയിലോ ടാങ്കിലോ തള്ളുന്നു. മണ്ണിരകളെ പിന്നീട് ടാങ്കിൽ വിടുകയും പതിവായി വെള്ളം തളിക്കുന്നതിലൂടെ 60-80 ദിവസത്തേക്ക് ഭക്ഷിക്കാൻ അനുവദിക്കുകയും ചെയ്യുന്നു.



## പൈപ്പ് കമ്പോസ്റ്റ്

പൈപ്പ് 30 സെന്റീമീറ്റർ താഴ്ചയിൽ മണ്ണിൽ കുത്തനെ ഉറപ്പിച്ച് നിർത്തുക .മണ്ണിൽ താഴ്ത്തുന്ന ഭാഗത്ത് പൈപ്പിൽ 20 സെ.മി ഉയരത്തിലായി മൂന്നോ നാലോ തുളകൾ ഇടുന്നത് നല്ലതാണ് .പൈപ്പിന്റെ മുകൾഭാഗം അടപ്പ് ഉപയോഗിച്ച് അടക്കാം. ഉറച്ച പ്രതലമാണെങ്കിൽ മണ്ണ് നിറച്ച 35 സെ.മി ഉയരമുള്ള ബക്കറ്റിലും പൈപ്പ് താഴ്ത്തി വെക്കാം.

## പോർട്ടബിൾ ബിൻ



വലിയ അളവിൽ ജൈവമാലിന്യം ഉണ്ടാകാൻ ഇടയുള്ള സ്ഥലങ്ങളിൽ ഉപയോഗിക്കാൻ പറ്റിയതാണ് ഇവ. 6.5 അടി നീളം, 3.5അടി വീതി, 3.5 അടി പൊക്കം എന്നീ അളവുകളിലുള്ള വലിയ ബിന്നുകളാണ് 35 - 40 വരെ വീടുകൾക്ക് ഒരു മാസത്തേക്ക് ആവശ്യം. ദിവസം ശരാശരി 35- 40 കിലോ ജൈവമാലിന്യം ഇതിൽ നിക്ഷേപിക്കാം.

ചാണക വെള്ളം തളിക്കുവാൻ ഒരു ലിറ്റർ കപ്പാസിറ്റി ഉള്ള സ്പ്രേയർ, സ്റ്റീൽ ഫോർക്ക് വലുതും ചെറുതും ഓരോന്ന് വീതം, കമ്പോസ്റ്റ് കോരി മാറ്റാൻ 40 സെന്റീ മീറ്റർ വ്യാസമുള്ള സ്റ്റീൽ ചട്ടി, കമ്പോസ്റ്റ് ഉണക്കാൻ 2 മീറ്റർ പ്ലാസ്റ്റിക് ഷീറ്റ് എന്നിവയും ആവശ്യമാണ്. വായുസഞ്ചാരം ലഭിക്കുന്ന വിധത്തിൽ ബിന്നിന്റെ വശങ്ങളിൽ സുഷിരങ്ങൾ ഉണ്ടായിരിക്കണം.



## കിച്ചൺ ബിൻ (ബയോ കമ്പോസ്റ്റർ)

ഉയർന്ന ഗുണനിലവാരമുള്ള പ്ലാസ്റ്റിക് കൊണ്ട് നിർമിച്ച മൂന്ന് ബക്കറ്റുകളാണ് ഇതിനുള്ളത്. ഭക്ഷണമാലിന്യം നിക്ഷേപിച്ച് മുകളിലേക്ക് അൽപം ചകിരിച്ചോർ (ഇനോക്കുലം) വിതറിയ ശേഷം ബിൻ അടച്ചുവയ്ക്കുകയാണ് വേണ്ടത്. ഒന്ന് നിറയുമ്പോൾ അടുത്തത് ഉപയോഗിക്കാവുന്ന രീതിയിലാണ് സംവിധാനം. നിറയുന്ന അറ താഴേക്ക് മാറ്റി താഴെയുള്ളത് മുകളിൽ വയ്ക്കാം. 26–28 ദിവസംകൊണ്ട് മാലിന്യം വളമായി മാറും. ഇത് നീക്കം ചെയ്ത ശേഷം ബക്കറ്റ് വീണ്ടും ഉപയോഗിക്കാം.



## റിംഗ് കമ്പോസ്റ്റ്

ഫെറോസിമന്റ് സ്ലാബും ഫെറോസിമന്റ് റിംഗും ഉപയോഗിച്ച് ചെയ്യുന്ന കമ്പോസ്റ്റിങ് പ്രക്രിയയാണ് ഇവിടെ നടക്കുന്നത്



## മുച്ചട്ടി കമ്പോസ്റ്റ്

പ്രത്യേകം രൂപകൽപ്പന ചെയ്ത കളിമൺ ഭരണികൾ തട്ടുകളമായി അടുക്കിവച്ചുള്ള കമ്പോസ്റ്റിങ് രീതിയാണിത്.



## ബയോഗ്യാസ് പ്ലാന്റ്

അന്തരീക്ഷവുമായി സമ്പർക്കമില്ലാത്ത അവസ്ഥയിൽ ജൈവവസ്തുക്കളിൽ സൂക്ഷ്മാണുക്കൾ പ്രവർത്തി ക്കുമ്പോഴുണ്ടാകുന്ന വാതകമാണ് ബയോഗ്യാസ്. ബയോഗ്യാസ് ഉൽപാദിപ്പിക്കാൻ ചാണകമാണ് പ്രധാനമായും ഉപയോഗിക്കുന്നത്. അടുക്കളയിലെ ഭക്ഷണാവശിഷ്ടങ്ങൾ, ചെറുതായി നുറുക്കിയ കാർഷികാവശിഷ്ടങ്ങൾ എന്നിവയും ഇതിന് വേണ്ടി ഉപയോഗിക്കാവുന്നതാണ്. 25 കിലോഗ്രാം ചാണകത്തിൽ നിന്നും 1 ക്യൂബിക് മീറ്റർ ഗ്യാസ് ഉൽപാദിപ്പിക്കാം. ഇതുപയോഗിച്ച് നാലുപേർക്കാവശ്യമായ ഭക്ഷണം തയ്യാറാക്കാം.



## പിറ്റ് കമ്പോസ്റ്റ്

നിശ്ചിത അളവിൽ കുഴിയെടുത്തു വളമാകാൻ വേണ്ടി ജൈവമാലിന്യം നിക്ഷേപിക്കുന്ന രീതി

## സ്ഥാപനതലത്തിൽ അനുയോജ്യമായ സംവിധാനങ്ങൾ



### എയ്റോബിക് ബിൻ മോഡൽ കമ്പോസ്റ്റ് യൂണിറ്റ് (തുമ്പൂർമുഴി)

വായു കടക്കാവുന്ന ചുറ്റുമതിലോടെ 4x4x4 അടി വ്യാപ്തമുള്ള ഉയർന്ന ടാങ്ക് നിർമ്മിക്കുക; ടാങ്കിന്റെ അടി ഭാഗം സിമന്റോ, ഫെറോസിമന്റോ ഉപയോഗിച്ച് ചെയ്യാം. എലികളെ പോലുള്ള ക്ഷുദ്രജീവികളെ തടയാൻ പുറം അരികുകൾ നെറ്റ് വെച്ച് മറയ്ക്കാം. വിവിധ അടുക്കുകളായി ജൈവവസ്തുക്കൾ ഇതിൽ നിക്ഷേപിക്കുക. 40 മുതൽ 90 ദിവസത്തിനകം വളമായി മാറുന്നു.



### ഓർഗാനിക്ക് വേസ്റ്റ് കൺവേർട്ടർ (OWC)

വൈദ്യുതി ഉപയോഗിച്ച് ജൈവ മാലിന്യങ്ങൾ കമ്പോസ്റ്റ് വളമാക്കി മാറ്റുന്ന സംവിധാനമാണ് ഇലക്ട്രിക്കൽ ഓർഗാനിക് വേസ്റ്റ് കൺവേർട്ടർ. ദിവസവും ജൈവ മാലിന്യങ്ങൾ യന്ത്രത്തിൽ നിക്ഷേപിക്കാം. 24 മണിക്കൂറിന് ശേഷം ഇവ കമ്പോസ്റ്റ് വളമായി മാറും. 25 കിലോയുള്ള മാലിന്യം നിക്ഷേപിച്ചാൽ ആറ് കിലോ വരെ വളം ലഭിക്കും. ഏഴ് ദിവസത്തോളം ഈ പ്രക്രിയ തുടർന്ന് എട്ടാം ദിവസമാണ് കമ്പോസ്റ്റ് വളം ശേഖരിക്കുന്നത്.



### ഉയർന്ന ശേഷിയുള്ള ബയോഗ്യാസ് പ്ലാന്റുകൾ

## സാമൂഹിക തലത്തിൽ താഴെപ്പറയുന്ന സംവിധാനങ്ങൾക്ക് മുൻഗണന നൽകുന്നു

A. എയ്റോബിക് ബിൻ മോഡൽ കമ്പോസ്റ്റ് യൂണിറ്റ് (തുമ്പൂർമുഴി)

B. പോർട്ടബിൾ ബയോ (കമ്പോസ്റ്റ്) ബിന്നുകൾ

C. വിൻഡ്രോ/ വെർമികമ്പോസ്റ്റിംഗ് യൂണിറ്റുകൾ: കാർഷികരംഗത്ത്, വിൻറോ കമ്പോസ്റ്റിംഗ് എന്നത് ജൈവവസ്തുക്കളോ ജൈവമാലിന്യമോ വിള അവശിഷ്ടങ്ങൾ പോലുള്ള ജൈവമാലിന്യങ്ങളോ നീണ്ട നിരകളിൽ ശേഖരിച്ച് കമ്പോസ്റ്റ് നിർമ്മിക്കുന്നതാണ്.

പ്രക്രിയ എയ്റോബിക് ആയതിനാൽ, ഇത് ഓപ്പൺ വിൻഡ്രോ കമ്പോസ്റ്റിംഗ് (OWC) അല്ലെങ്കിൽ ഓപ്പൺ എയർ വിൻഡ്രോ കമ്പോസ്റ്റിംഗ് (OAWC) എന്നും അറിയപ്പെടുന്നു.

D. ഉയർന്ന ശേഷിയുള്ള ബയോഗ്യാസ് പ്ലാന്റുകൾ

E. ഓർഗാനിക്ക് വേസ്റ്റ് കൺവേർട്ടർ (OWC)

## 2 അഴുകാത്ത വസ്തുക്കളുടെ സംസ്കരണം

**തരംതിരിക്കൽ:** വീടുകൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും വൃത്തിയാക്കിയ അജൈവ പാഴ്‌വസ്തുക്കൾ ഒന്നാംഘട്ട തരംതിരിക്കലിനു വിധേയമാകുന്നു. അങ്ങനെ തരം തിരിച്ച് വൃത്തിയാക്കിയ വസ്തുക്കൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഹരിതകർമ്മസേന അംഗങ്ങൾക്കോ അല്ലെങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അംഗീകരിച്ച ഏജൻസികൾക്കോ കൈമാറണം .

**മിനി എംസിഎഫ്:** തരംതിരിച്ച് കൈപ്പറ്റിയ ഇത്തരം പാഴ്‌വസ്തുക്കളെ ഹരിതകർമ്മസേന താൽക്കാലികമായി സൂക്ഷിക്കുന്ന ഇടമാണ് മിനി മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി.

**എംസിഎഫ്:** പ്രാഥമിക തരംതിരിക്കൽ കഴിഞ്ഞ് മിനി മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റിയിൽ എത്തിയ പാഴ്‌വസ്തുക്കൾ രണ്ടാംഘട്ട ശാസ്ത്രീയ തരംതിരിക്കലിനായി മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളിൽ എത്തിക്കുന്നു

**ആർആർഎഫ്:** പുനഃചംക്രമണമൂല്യമുള്ളവയെ തരംതിരിച്ച് ബെയിൽ ചെയ്ത് റീസൈക്ലിംഗ് കേന്ദ്രങ്ങളിലെത്തിക്കുന്നതിനും മൂല്യവത്തല്ലാത്തവയെ ഷ്രെഡ് ചെയ്ത് ടാറിംഗിനുൾപ്പെടെ ഉപയോഗിക്കുന്നതിനും സഹായിക്കുന്നത് റിസോഴ്സ് റിക്കവറി ഫെസിലിറ്റികളാണ്.



# എന്താണ് ഹരിത പ്രോട്ടോക്കോൾ?

മാലിന്യത്തിന്റെ അളവ് കുറക്കയ്ൽ, കഴിയുന്നത്ര വസ്തുക്കൾ പുനരുപയോഗിക്കൽ, സാധ്യമായവ പുന:ചംക്രമണം ചെയ്യൽ, പ്രകൃതി സൗഹൃദ ഉൽപ്പന്നങ്ങൾ ഉപയോഗിക്കൽ എന്നിവയെല്ലാം ചേർന്നതാണ് ഗ്രീൻ പ്രോട്ടോക്കോൾ. 3R (റെഡ്യൂസ്, റിയൂസ്, റീസൈക്കിൾ) അഥവാ ഉപയോഗം കുറയ്ക്കുക, പുനരുപയോഗിക്കുക പുനഃചംക്രമണത്തിന് സാധ്യമാക്കുക എന്നത് ഹരിത പ്രോട്ടോക്കോളിന്റെ അടിസ്ഥാന തത്വങ്ങളായി കണക്കാക്കപ്പെടുന്നു.

2014ൽ കേരളത്തിൽ നടന്ന ദേശീയ ഗെയിംസിലൂടെയാണ് ശുചിത്വ മിഷൻ ഗ്രീൻ പ്രോട്ടോക്കോൾ എന്ന സംവിധാനം ആദ്യമായി നടപ്പിലാക്കിയത്. തുടർന്ന് തിരുവനന്തപുരം നഗരസഭ 'എന്റെ നഗരം സുന്ദര നഗരം' എന്ന പദ്ധതി രൂപീകരിച്ചതിലൂടെ ഘട്ടം ഘട്ടമായി മാലിന്യം ലഘൂകരിക്കുന്നതിന് എല്ലാ പരിപാടികളിലും ആഘോഷങ്ങളിലും ഗ്രീൻ പ്രോട്ടോക്കോൾ പാലനം ഉറപ്പാക്കി. ഗ്രീൻ പ്രോട്ടോക്കോൾ സംവിധാനം ഫലം കാണുമെന്നതിന്റെ നല്ലൊരു ഉദാഹരണമാണ് ദശലക്ഷങ്ങൾ പങ്കെടുക്കുന്ന ലോക റെക്കോഡിൽ ഇടം നേടിയ ആറ്റുകാൽ പൊങ്കാല ഹരിത ചട്ടം പാലിച്ച് നടത്തുന്നു എന്നത്. ഗ്രീൻ പ്രോട്ടോകോൾ നടപ്പാക്കും മുൻപ് എല്ലാ വർഷവും 150 ടണ്ണിന് മുകളിൽ രൂപപ്പെടുമായിരുന്ന മാലിന്യം പ്രോട്ടോകോൾ നടപ്പാക്കിയ ആദ്യവർഷം തന്നെ 80 ടണ്ണായി ചുരുങ്ങി. 2019, 24 - വർഷങ്ങളിലെ പാർലമെന്റ് തിരഞ്ഞെടുപ്പ്, 2020 ലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നടന്ന തിരഞ്ഞെടുപ്പ്, 2021 ൽ നടന്ന നിയമസഭ തിരഞ്ഞെടുപ്പ്, സംസ്ഥാന സ്കൂൾ കലോത്സവങ്ങൾ, കർക്കിടക വാവ് ബലിതർപ്പണം, തൃശ്ശൂർ പൂരം, മാരാമൺ കൺവെൻഷൻ, ബീമാപ്പള്ളി ഉറൂസ്, ശബരിമല തീർത്ഥാടനം, അന്താരാഷ്ട്ര ക്രിക്കറ്റ് മത്സരങ്ങൾ, സംസ്ഥാന സ്കൂൾ കായിക മത്സരം, സംസ്ഥാന സർക്കാർ ഓണം വാരാഘോഷം എന്നിങ്ങനെ നീളുന്നു ഗ്രീൻ പ്രോട്ടോക്കോൾ ഫലം കണ്ട പരിപാടികൾ.

100 പേരിൽ കൂടുതൽ ആളുകൾ പങ്കെടുക്കാൻ സാധ്യതയുള്ള ആഘോഷങ്ങൾ, ഉത്സവങ്ങൾ തുടങ്ങിയ സന്ദർഭങ്ങളിൽ സംഘാടക സമിതികൾക്ക് കൃത്യമായി മാലിന്യ സംസ്കരണത്തിനായി തദ്ദേശ സ്വയംഭരണ ഭരണ സ്ഥാപനങ്ങളുടെ സഹായം തേടാവുന്നതാണ്. കൂടാതെ 60 മൈക്രോണിൽ താഴെയുള്ള നോൺ-വൂവൺ പ്ലാസ്റ്റിക്ക് ക്യാരി ബാഗുകൾ, പ്ലാസ്റ്റിക് കൊടിതോരണങ്ങൾ, അലങ്കാരത്തിനുപയോഗിക്കുന്ന തെർമോക്കോൾ , പ്ലാസ്റ്റിക് പ്ലേറ്റുകൾ, കപ്പുകൾ, സ്പൂണുകൾ, സ്ട്രോ തുടങ്ങിയവയെല്ലാം കർശനമായും ഒഴിവാക്കേണ്ടതാണ്. ബദൽ ഉത്പന്നങ്ങൾ ഉപയോഗിക്കാം, ഉദാഹരണത്തിന് സ്റ്റീൽ അല്ലെങ്കിൽ ചില്ല് (കഴുകി ഉപയോഗിക്കാൻ കഴിയുന്ന) കപ്പ്/പ്ലേറ്റ്, അലങ്കാരത്തിനായി പരിസ്ഥിതി സൗഹൃദ വസ്തുക്കൾ, പുനരുപയോഗത്തിന് സാധ്യമായ(പോളി എത്തിലീൻ) വസ്തുക്കൾ ഉപയോഗിച്ച് കൊണ്ടുള്ള ബോർഡുകൾ/ബാനറുകൾ എന്നിവ. ആഘോഷ സ്ഥലങ്ങളിൽ തന്നെ കൃത്യമായി മാലിന്യം തരം തിരിച്ച് നിക്ഷേപിക്കേണ്ട സംവിധാനം ഉറപ്പുവരുത്തേണ്ടതും അത്യാവശ്യമാണ്. തുടർന്ന്അജൈവ മാലിന്യം കത്തിക്കാതെ ശാസ്ത്രീയ സംസ്കരണത്തിനായി ഹരിത കർമ്മസേന അംഗങ്ങൾക്ക് കൈമാറണം. അതുപോലെ ജൈവമാലിന്യം കൃത്യമായി കമ്മ്യൂണിറ്റി കമ്പോസ്റ്റ് സംവിധാനങ്ങളിലേക്ക് എത്തിക്കേണ്ടുന്ന പ്രവർത്തനങ്ങളും സംഘാടകർ തദ്ദേശ സ്വയംഭരണ



സ്ഥാപനങ്ങളുടെ സഹായത്തോടെ ചെയ്യേണ്ടതാണ്.

ഇത് മാത്രമല്ല വ്യക്തി ജീവിതം, കുടുംബം, ഓഫീസുകൾ തുടങ്ങി സമസ്ത തലങ്ങളിലും ഗ്രീൻ പ്രോട്ടോക്കോൾ ബാധകമാക്കാം. എന്നാൽ അതിനുള്ള ശീലം ഉണ്ടാക്കി എടുക്കലാണ് പ്രധാനം. ഇപ്പോൾ സീറോ വേസ്റ്റ് ലിവിങ് എന്ന തത്വം പരിഹാരമായി ചിന്തിക്കുന്ന സമൂഹം രൂപപെട്ട് വരുന്നുണ്ട്. നമ്മുടെ വ്യക്തിപരമായ ജീവിതത്തിൽ സുസ്ഥിരമായ ബദലുകൾ കണ്ടെത്തുകയും അവ പ്രാവർത്തികമാക്കുകയും ചെയ്യുന്നതിലൂടെ മാലിന്യത്തിന്റെ അളവ് കുറയ്ക്കുവാൻ സാധിക്കും. മാലിന്യ ഉത്പാദനത്തിന്റെ അളവ് കുറയ്ക്കുന്നതിന് വേണ്ടി ഒറ്റത്തവണ ഉപയോഗിച്ച് വലിച്ചെറിയുന്ന ഡിസ്പോസബിൾ സാധനങ്ങളുടെ ഉപയോഗം പൂർണ്ണമായും നമ്മുടെ ജീവിതത്തിൽ ഒഴിവാക്കേണ്ടതുണ്ട്. കഴുകി ഉപയോഗിക്കാവുന്ന പാത്രത്തിൽ ഭക്ഷണം ശീലമാക്കണം. സ്വന്തമായി സ്റ്റീൽ കുപ്പിയും നമ്മുടെ ശീലത്തിന്റെ ഭാഗമാക്കാവുന്നതാണ്. ഒറ്റത്തവണ ഉപയോഗിച്ച് വലിച്ചെറിയുന്ന കവറുകളുടെ ഉപേയാഗം പൂർണ്ണമായും ഒഴിവാക്കുകയും തുണി സഞ്ചിയോ പേപ്പർ ബാഗോ നമ്മുടെ ദൈനം ദിന ജീവിതത്തിന്റെ ഭാഗമാക്കുകയും ചെയ്യാൻ കഴിയും.

മാലിന്യത്തിന്റെ അളവ് കുറയ്ക്കൽ മാത്രമല്ല വീടുകളിലും സ്ഥാപനങ്ങളിലും ഉണ്ടാകുന്ന മാലിന്യം തരംതിരിച്ച് അജൈവ മാലിന്യം ഹരിതകർമ്മ സേനക്ക് കൈമാറി ജൈവ മാലിന്യം ഉറവിട സംസ്കരണ സംവിധാനത്തിലൂടെ കമ്പോസ്റ്റാക്കി മാറ്റാവുന്നതാണ്.

ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തനങ്ങൾ സാധ്യമാകുന്നതിലൂടെ നിരവധി തൊഴിൽ സാധ്യതകളും തുറക്കുന്നു. ഗ്രീൻ ഇവന്റ് പാർട്ണർ എന്ന തരത്തിൽ ഗ്രീൻ പ്രോട്ടോക്കോൾ പൂർണതയിലെത്തിക്കാൻ സഹായിക്കുന്ന ഇവന്റ് മാനേജ്മെന്റ് സംരംഭങ്ങൾ, സ്റ്റീൽ കപ്പ് പ്ലേറ്റ് എന്നിവ വേണ്ടവർക്ക് കൃത്യമായി എത്തിക്കുന്നതിനുള്ള സംരംഭങ്ങൾ, വാഴ ഇല, പാള പ്ലേറ്റ് എന്നീ പ്രകൃതി സൗഹൃദ ബദൽ ഉത്പന്നങ്ങളുടെ സംരംഭങ്ങൾ എന്നിങ്ങനെ നീളുന്നു തൊഴിലവസരങ്ങൾ. ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തനങ്ങൾ സർക്കുലർ ഇക്കോണമി തരത്തിലേക്ക് തന്നെ ഉയർത്താൻ സാധിക്കുന്നവയാണ്.

നമ്മുടെ പരിസ്ഥിതിയെ സംരക്ഷിച്ചുകൊണ്ട് നമ്മുടെ സമൂഹത്തിന് ദോഷകരമായ പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിന് ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തനങ്ങൾ കൊണ്ട് സാധിക്കും. നമ്മുടെ ഭാവി തലമുറയെ ഇവിടെ സുരക്ഷിതമാക്കുന്നതിൽ നമുക്കോരോരുത്തർക്കും വലിയ പങ്കുണ്ട്. 2025 മാർച്ചോടുകൂടി കേരളത്തെ മാലിന്യ മുക്ത സംസ്ഥാനമാക്കി മാറ്റുന്നതിനും വലിച്ചെറിയൽ മുക്ത സംസ്ഥാനമാക്കുന്നതിനും സമസ്ത മേഖലകളിലും ഗ്രീൻ പ്രോട്ടോക്കോൾ പാലനം ഉറപ്പാക്കാം.

# ക്യാമ്പസുകളിൽ എങ്ങനെ ഹരിത പ്രോട്ടോക്കോൾ പാലിക്കാം?

1. എല്ലാ കോളേജ് ക്യാമ്പസുകളിലും മാലിന്യ സംസ്കരണ സംവിധാനങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഒരു ഉദ്യോഗസ്ഥന് ചുമതല നൽകുക.
2. എല്ലാ ക്യാമ്പസുകളിലും മാലിന്യം തരം തിരിച്ച് നിക്ഷേപിക്കുന്നതിന് ബിന്നുകൾ സ്ഥാപിക്കുക
3. ജൈവ മാലിന്യം ക്യാമ്പസ് വളപ്പിൽ തന്നെ സംസ്കരിക്കുന്നതിന്, ഉണ്ടാവുന്ന ജൈവ മാലിന്യത്തിന്റെ അളവിന് അനുസൃതമായി സംവിധാനങ്ങൾ സ്ഥാപിക്കുകയോ തദ്ദേശ സ്ഥാപനം നിശ്ചയിച്ചിട്ടുള്ള സ്വകാര്യ ഏജൻസിക്ക് കൈമാറുകയോ ചെയ്യുക. ആയതിന് തദ്ദേശ സ്ഥാപനത്തിന്റെയും ജില്ലാ ശുചിത്വ മിഷന്റെയും സഹായം പ്രയോജനപ്പെടുത്താവുന്നതാണ്.
4. അജൈവ മാലിന്യം കൈമാറുന്നതിനായി എല്ലാ ക്യാമ്പസുകളും ഹരിതകർമ്മസേനയുമായി കരാറിൽ ഏർപ്പെടുകയും തദ്ദേശ സ്ഥാപനം നിശ്ചയിച്ചിട്ടുള്ള യൂസർ ഫീ നൽകുകയും ചെയ്യുക.
5. സാനിറ്ററി പാഡുകൾ സംസ്കരിക്കുന്നതിനായി ഡബിൾ ചേമ്പർ ഇൻസിനറേറ്ററുകൾ ഉറപ്പാക്കുക.
6. ക്യാമ്പസ്സിൽ മുഴുവനും ഒറ്റത്തവണ ഉപയോഗിച്ച് വലിച്ചെറിയുന്ന എല്ലാ ഉത്പന്നങ്ങളും ഉപയോഗം പൂർണ്ണമായി ഒഴിവാക്കി , പുനരുപയോഗം സാധ്യമായ ഉത്പന്നങ്ങൾ ഉപയോഗിക്കുക.
7. 100-ൽ കൂടുതൽ ആളുകൾ പങ്കെടുക്കാൻ സാധ്യതയുള്ള ആഘോഷങ്ങൾ, ഉത്സവങ്ങൾ,പരിപാടികൾ, യോഗങ്ങൾ ആണെങ്കിൽ സംഘാടക സമിതികൾക്ക് കൃത്യമായി മാലിന്യ സംസ്കരണത്തിനായി തദ്ദേശ സ്വയംഭരണ ഭരണ സ്ഥാപനങ്ങളുടെ സഹായം തേടാവുന്നതാണ്.
8. 60 മൈക്രോണിൽ താഴെയുള്ള നോൺ-വൂവൺ പ്ലാസ്റ്റിക് ക്യാരി ബാഗുകൾ, പ്ലാസ്റ്റിക് കൊടിതോരണങ്ങൾ, അലങ്കാരത്തിനുപയോഗിക്കുന്ന തെർമോക്കോൾ, പ്ലാസ്റ്റിക് പ്ലേറ്റുകൾ, കപ്പുകൾ, സ്പൂണുകൾ, സ്ട്രോ തുടങ്ങിയവയെല്ലാം കർശന നടപടികളോടെ ഒഴിവാക്കേണ്ടതാണ്.
9. ബദൽ ഉത്പന്നങ്ങൾ ഉപയോഗിക്കാം ഉദാഹരത്തിന് സ്റ്റീൽ അല്ലെങ്കിൽ ചില്ല് (കഴുകി ഉപയോഗിക്കാൻ കഴിയുന്ന) കപ്പ്/പ്ലേറ്റ്, അലങ്കാരത്തിനായി പരിസ്ഥിതി സൗഹൃദ വസ്തുക്കൾ, പുനരുപയോഗത്തിന് സാധ്യമായ(പോളി എത്ത്ലീൻ) വസ്തുക്കൾ ഉപയോഗിച്ച് കൊണ്ടുള്ള ബോർഡുകൾ/ബാനറുകള് എന്നിവ സ്ഥാപിക്കാവുന്നതാണ്.

## വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ആവശ്യമായ നടപടികൾ

### ഖരമാലിന്യം

- മാലിന്യം തരം തിരിച്ച് നിക്ഷേപിക്കുവാനുള്ള സൗകര്യം സ്ഥാപനത്തിന്റെ പലയിടങ്ങളിലും സ്ഥാപിക്കൽ.
- മാലിന്യം തരം തീരിച്ച് നിക്ഷേപിക്കുന്നതിന്റെ പ്രാധാന്യം വിദ്യാർത്ഥികളിലേക്ക് എത്തിക്കൽ.
- ജൈവമാലിന്യ സംസ്കരണ സംവിധാനം സ്ഥാപനത്തിൽ പ്രായോഗികമാക്കാൻ
- തുമ്പൂർമൊഴി, ബയോഗ്യാസ് പ്ലാന്റ് etc. സ്ഥാപനത്തിന്റെ സൗകര്യത്തിനനുസൃതമായി സ്ഥാപിക്കാവുന്നതാണ്.
- ജൈവ മാലിന്യ സംസ്കരണ സംവിധാനത്തിന്റെ ഉപയോഗം , പ്രവർത്തനം, പരിപാലനം സംബന്ധിച്ച അടിസ്ഥാന പരിശീലനം വിദ്യാർത്ഥികൾക്ക് നൽകൽ.
- അജൈവ മാലിന്യം കൈകാര്യം ചെയ്യുന്നതിന് സ്ഥാപനം പ്രവർത്തിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഹരിതകർമസേന അംഗങ്ങളുടെ സേവനം ഉപയോഗപ്പെടുത്തി അജൈവ മാലിന്യത്തിന്റെ കൃത്യമായ സംസ്കരണം ഉറപ്പ് വരുത്താം.
- നിലവിൽ വിദ്യാഭ്യാസ സ്ഥാപനത്തിൽ പ്രവർത്തനരഹിതമായ അജൈവ മാലിന്യ ശേഖരണ സൗകര്യം ഉണ്ടെങ്കിൽ അവയുടെ പ്രവർത്തനം പുനരാരംഭിക്കാം.
- അജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങളെ പറ്റിയും, ഹരിതകർമ്മ സേന അംഗങ്ങളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ചും വിദ്യാർത്ഥികൾക്ക് കൃത്യമായ അവബോധം നൽകണം.

### ദ്രവമാലിന്യം

- മലിനജലം (Grey water) കൃത്യമായി സംസ്കരിക്കുന്നതിനുള്ള സംവിധാനം വിദ്യാഭ്യാസ സ്ഥാപനത്തിൽ ഉറപ്പുവരുത്തുക.
- മലിന ജലം കൃത്യമായി സംസ്കരിക്കുന്നതിന് ശാസ്ത്രീയമായി നിർമ്മിച്ച സോക്ക് പിറ്റ് , ലീച്ച് പിറ്റ് etc എന്നിവ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സ്ഥാപിക്കാവുന്നതാണ്.
- ആവശ്യമെങ്കിൽ കെമിക്കൽ കലരാത്ത മലിന ജലം അനുവദനീയമായ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന തരത്തിൽ പുനരുപയോഗം ചെയ്യാവുന്നതാണ്. (പച്ചക്കറി കൃഷി പോലുള്ള സംവിധാനങ്ങൾക്ക് )

# മാലിന്യ പരിപാലനം സംബന്ധിച്ച
# നിയമപരമായ ഉത്തരവാദിത്തങ്ങൾ

- മാലിന്യ പരിപാലന വിഷയത്തിൽ എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം എന്ന കാഴ്ചപ്പാടാണ് നമ്മുടെ നിയമവ്യവസ്ഥ അനുശാസിക്കുന്നത്.
- മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരങ്ങൾ ഉൾക്കൊള്ളുന്ന പ്രധാന നിയമങ്ങൾ 1994ലെ കേരള പഞ്ചായത്ത് രാജ് നിയമവും, 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമവും, ഇവയിൽ 2024-ൽ കൊണ്ടുവന്ന ഭേദഗതിയുമാണ്. കൂടാതെ1986-ലെ പരിസ്ഥിതി സംരക്ഷണ നിയമം, അതിന് കീഴിൽ വരുന്ന 2016-ലെ ഖരമാലിന്യ പരിപാലന ചട്ടങ്ങൾ, 2016-ലെ പ്ലാസ്റ്റിക് മാലിന്യ പരിപാലന ചട്ടങ്ങൾ എന്നിവയും പ്രധാനപ്പെട്ട നിയമനിർമ്മാണങ്ങളാണ്.

## നിയമങ്ങളും ചട്ടങ്ങളും പ്രകാരം പാലിക്കേണ്ട നടപടിക്രമങ്ങൾ

- മാലിന്യം ജൈവം, അജൈവം, അപകടകരം എന്നിങ്ങനെ മൂന്നായി തരംതിരിക്കണം. തദ്ദേശസ്ഥാപനം നിശ്ചയിക്കുന്ന ഏജൻസികൾക്കോ, മാലിന്യം ശേഖരിക്കുന്നവർക്കോ കൈമാറണം. എല്ലാ മാലിന്യ ഉത്പാദകരും തദ്ദേശസ്ഥാപന ബൈലോ പ്രകാരമുള്ള യൂസർഫീ നൽകാൻ ബാധ്യതപ്പെട്ടിരിക്കുന്നു.
- നൂറോ അതിൽ കൂടുതലോ വ്യക്തികൾ കൂടുന്ന ഒരു പരിപാടിയും (ലൈസൻസ് ഇല്ലാത്ത സ്ഥലത്ത്) തദ്ദേശസ്ഥാപനത്തെ 3 ദിവസം മുന്പെങ്കിലും അറിയിക്കാതെ നടത്താന് പാടില്ല.
- എല്ലാ വഴിയോര കച്ചവടക്കാരും, റെസിഡൻസ് അസോസിയേഷനുകളും മാർക്കറ്റ് അസോസിയേഷനുകളും, ഹോട്ടലുകളും, ഗേറ്റഡ് കോളനികളും 5000 സ്ക്വ. മീ. വിസ്തീർണമുള്ള സ്ഥാപനങ്ങളും ആവശ്യാനുസരണം തദ്ദേശസ്ഥാപനത്തിന്റെ നിര്ദ്ദേശപ്രകാരമുള്ള ബിന്നുകൾ സ്ഥാപിക്കേണ്ടതാണ്; അജൈവമാലിന്യം തദ്ദേശസ്ഥാപനം അനുശാസിക്കുന്ന രീതിയിൽ തരംതിരിച്ച് കൈമാറേണ്ടതാണ്. ജൈവമാലിന്യം പരമാവധി ഉറവിടത്തില്തന്നെ സംസ്കരിക്കുകയും വേണം.
- മാലിന്യം ഉത്പാദകർ മാലിന്യം തെരുവിലോ, പൊതുസ്ഥലത്തോ, കാനയിലോ, ജലാശയങ്ങളിലോ, അവരുടെ പരിസരത്തിന് വെളിയിലോ വലിച്ചെറിയാനോ, കത്തിക്കാനോ, കുഴിച്ച് മൂടാനോ പാടില്ല.

മുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന ഉത്തരവാദിത്തങ്ങൾ പാലിക്കാത്ത സാഹചര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ശിക്ഷാ നടപടികൾ സ്വീകരിക്കാവുന്നതാണ്. 5,000 രൂപ മുതൽ 50,000 രൂപ വരെ പിഴ ലഭിക്കാവുന്ന ശിക്ഷകൾ ആണ് ഇവ. ഗൗരവമേറിയ കുറ്റങ്ങളിൽ കോടതിക്കും കേസ് എടുക്കാവുന്നതാണ്. ഇതിൽ കുറ്റം ചെയ്തതായി കണ്ടെത്തിയാൽ 1 വർഷം വരെ തടവ് ശിക്ഷയും ലഭിക്കാവുന്നതാണ്.

മാലിന്യമുക്ത
നവകേരളത്തിനായി
ജനകീയ ക്യാമ്പയിൻ

# മാലിന്യമുക്തം നവകേരളം
# ക്യാമ്പയിൻ

അതിവേഗത്തിൽ നടന്നുകൊണ്ടിരിക്കുന്ന നഗരവൽക്കരണവും മലയാളികളുടെ ക്രയശേഷിയിൽ കുറച്ചു വർഷങ്ങളായുണ്ടായിക്കൊണ്ടിരിക്കുന്ന അഭൂത പൂർവമായ വർദ്ധനവും കാരണം കേരളത്തിൽ ഉത്പാദിപ്പിക്കപ്പെടുന്ന മാലിന്യത്തിന്റെ അളവും ക്രമാതീതമായി കൂടിക്കൊണ്ടിരിക്കുകയാണ്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും നേതൃത്വത്തിൽ നടപ്പിലാക്കിവരുന്ന നിരവധി പ്രവർത്തനങ്ങളിലൂടെയും ഒരുക്കിയിട്ടുള്ള അടിസ്ഥാന സൗകര്യങ്ങളിലൂടെയും വലിയ തോതിൽ മാലിന്യം കൈകാര്യം ചെയ്യാൻ കഴിയുന്നുണ്ട്. എന്നാൽ മാലിന്യത്തിന്റെ അളവ് കുറയ്ക്കലും സുരക്ഷിത സംസ്കരണ പരിപാലന രീതികളും പൊതുസമൂഹത്തിന്റെ ശീലമായി ഇനിയും മാറിയിട്ടില്ല. അതിനാലാണ് ഇപ്പോഴും പൊതുനിരത്തുകളും പൊതുസ്ഥലങ്ങളും ജലസ്രോതസ്സുകളും എല്ലാം മാലിന്യം കൊണ്ട് നിറയുന്ന കാഴ്ച ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഈ പ്രശ്നങ്ങൾ കൂടി പരിഹരിച്ച് കേരളത്തെ ഇന്ത്യയിലെ ഏറ്റവും വൃത്തിയുള്ള സംസ്ഥാനമാക്കി മാറ്റാനാണ് കേരള സർക്കാർ ജനകീയ കാമ്പയിനിലൂടെ മാലിന്യ പരിപാലന വിഷയം പൊതുശ്രദ്ധയിലേക്ക് കൊണ്ടുവരുന്നത്.

2017 ആഗസ്റ്റ് 15 നാണ് ഹരിത കേരള മിഷൻ “മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം” എന്ന ക്യാമ്പയിനിലൂടെ ശാസ്ത്രീയ മാലിന്യ സംസ്കരണ സംവിധാനമൊരുക്കുന്നതിനുള്ള ജനകീയ ക്യാമ്പയിൻ ആരംഭിച്ചത്. അജൈവ മാലിന്യം വാതിൽപ്പടി ശേഖരണത്തിനായി തദ്ദേശസ്ഥാപനങ്ങളിൽ ഹരിത കർമ്മ സേന, ശേഖരിച്ച അജൈവ മാലിന്യങ്ങളുടെ സംഭരണത്തിനുള്ള മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികൾ, അവ തരംതിരിച്ച് പുന:ചംക്രമണത്തിന് നൽകാനുള്ള റിസോഴ്സ് റിക്കവറി ഫെസിലിറ്റികൾ, ഹരിതസഹായ സ്ഥാപനങ്ങൾ, ജൈവമാലിന്യം ഉറവിടത്തിൽ സംസ്കരിക്കുന്നതിന് വീടുകളിലും സ്ഥാപനങ്ങളിലും സംസ്കരണ സംവിധാനങ്ങൾ, കമ്മ്യൂണിറ്റി തലങ്ങളിൽ ജൈവമാലിന്യ സംസ്കരണ ഉപാധികൾ എന്നിങ്ങനെ ശാസ്ത്രീയ മാലിന്യ സംസ്കരണ സംവിധാനങ്ങൾ സംസ്ഥാനത്ത് ഉറപ്പുവരുത്തുകയായിരുന്നു



ക്യാമ്പയിനിലൂടെ. 2018 ആഗസ്റ്റിലെ പ്രളയം ഈ രംഗത്തെ പ്രവർത്തനങ്ങളെ സാരമായി ബാധിച്ചു. എന്നാൽ ശുചിത്യമാലിന്യ സംസ്കരണ രംഗത്ത് സജീവമായ ഹരിത കർമ്മസേന, ഹരിതസഹായ സ്ഥാപനങ്ങൾ , സ്ക്രാപ്പ് ഡീലേർസ്, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ, എൻ എസ് എസ് യൂണിറ്റുകൾ, വിവിധ സന്നദ്ധ സംഘടനകൾ എന്നിവരുടെയെല്ലാം ജനകീയ പങ്കാളിത്തത്തോടെ പ്രളയാനന്തര ശുചീകരണം, മാലിന്യം നീക്കം ചെയ്യൽ എന്നിവ എളുപ്പത്തിൽ നേരിടാൻ സഹായിച്ചു. ഇതിന് തുടർച്ചയായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ 2022 നവംബറിൽ "വൃത്തിയുള്ള കേരളം വലിച്ചെറിയൽ മുക്ത കേരളം" എന്ന പേരിൽ വിപുലമായ ജനകീയ ക്യാമ്പയിന് തുടക്കം കുറിച്ചു. മുൻ ക്യാമ്പയിനിലൂടെ ശാസ്ത്രീയ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉറപ്പുവരുത്തി എങ്കിലും സംവിധാനങ്ങളുടെ പ്രവർത്തനവും ഉപയോഗക്ഷമതയും ഉറപ്പാക്കി സുസ്ഥിരമാക്കി മാറ്റുകയായിരുന്നു വൃത്തിയുള്ള കേരളം വലിച്ചെറിയൽ മുക്ത കേരളം ക്യാമ്പയിന്റെ ലക്ഷ്യം. ശുചിത്വ മാലിന്യ സംസ്കരണത്തിൽ ബഹുജന ഉത്തരവാദിത്വം എന്ന പൊതുബോധം വളർത്തി കൊണ്ട് വരുന്നതിനും ഈ രംഗത്ത് പ്രവർത്തിക്കുന്ന ഹരിതകേരളം മിഷൻ, ശുചിത്വമിഷൻ, സി കെ സി എൽ , കെ.എസ്. ഡബ്ല്യു. എം.പി , കുടുംബശ്രീ മിഷൻ എന്നീ ഏജൻസികളെ ഏകോപിപ്പിച്ച് കൊണ്ടുള്ള വിപുലമായ ക്യാമ്പയിനാണ് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ ഏകോപിപ്പിച്ചത്. 2025 മാർച്ച് 30 ഓട് കൂടി കേരളത്തെ സമ്പൂർണ്ണ വലിച്ചെറിയൽ മുക്ത സംസ്ഥാനമാക്കി പ്രഖ്യാപിക്കാൻ സാധിക്കും എന്നതാണ് ക്യാമ്പയിനിലൂടെ ലക്ഷ്യം വെച്ചത് . 2023 ജനുവരി 26 വിപുലമായ ശുചീകരണ യജ്ഞത്തോട് കൂടി ക്യാമ്പയിൻ തദ്ദേശ സ്ഥാപന തലത്തിൽ തുടക്കം കുറിച്ചു. എന്നാൽ 2023 മാർച്ചിൽ ബ്രഹ്മപുരത്തുണ്ടായ തീപിടുത്തതെ തുടർന്ന് ഹൈക്കോടതിയും ഈ വിഷയത്തിൽ ഇടപെടുന്ന സാഹചര്യമുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ സമയ ബന്ധിതമായി കൈവരിക്കേണ്ട ലക്ഷ്യങ്ങളും പുതിയ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി 2024 മാർച്ച് 30 ഓട് കൂടി കേരളത്തെ സമ്പൂർണ്ണമാലിന്യ മുക്ത സംസ്ഥാനമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ "മാലിന്യമുക്തം നവകേരളം" ക്യാമ്പയിനിന് തുടക്കം കുറിച്ചു. കൃത്യമായ



സമയക്രമങ്ങളോട് കൂടി സുസ്ഥിര മാലിന്യ സംസ്കരണ സംവിധാനം സമഗ്രമായ ക്യാമ്പയിനിലൂടെ സംസ്ഥാനത്തെ മുഴുവൻ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലും ശാസ്ത്രീയമാലിന്യ സംസ്കരണ സംവിധാനം ഉറപ്പാക്കുകകയും, സംസ്ഥാനത്തെ മുഴുവൻ സംവിധാനങ്ങളെയും ഉൾപ്പെടുത്തി ജനങ്ങൾ ശാസ്ത്രീയ മാലിന്യ സംസ്കരണം ദിനചര്യയായി കൊണ്ട് വരികയും ചെയ്യുന്ന തരത്തിലാണ് ക്യാമ്പയിൻ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തത്. മാലിന്യങ്ങൾ 100% ഉറവിടത്തിൽ തന്നെ തരംതിരിക്കൽ, അജൈവ മാലിന്യങ്ങളുടെ 100% വാതിൽപ്പടി ശേഖരണം, ജൈവമാലിന്യം 100% ഉറവിടത്തിൽ ശാസ്ത്രീയമായി സംസ്കരണം, മാലിന്യ കൂനകൾ ഇല്ലാത്ത വൃത്തിയുള്ള പൊതുയിടം സൃഷ്ടിക്കൽ, എല്ലാ ജലാശയങ്ങളിലും ഖരമാലിന്യം നീക്കം ചെയ്ത് നീരൊഴുക്ക് ഉറപ്പാക്കൽ, തുടങ്ങിയ ലക്ഷ്യങ്ങളാണ് ക്യാമ്പയിൽ മുന്നോട്ട് വച്ചത്.

മേൽ പറഞ്ഞ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ജനങ്ങളുടെ പങ്കാളിത്തം ഉറപ്പു വരുത്തുന്നതിനായി നിരവധി വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ നടത്തിയിരുന്നു. അജൈവ മാലിന്യത്തിന്റെ 100% വാതിൽപടിശേഖരണം ഉറപ്പാക്കുന്നതിനായി നിരവധി പ്രവർത്തനങ്ങൾ തദ്ദേശ സ്ഥാപന തലത്തിൽ ഏറ്റെടുത്തു നടത്തി. ജന പ്രതിനിധികളുടെ നേതൃത്വത്തിൽ ഭവന സന്ദർശനങ്ങൾ, ചെറു ഗ്രൂപ്പ് യോഗങ്ങൾ, വിവിധ ജനകീയ സംഘടന യോഗങ്ങൾ, ബോധവൽക്കരണ ക്ലാസുകൾ, അധിക ഹരിതകർമ്മ സേനകളുടെ നിയമനങ്ങൾ തുടങ്ങിയ പരിപാടികൾ എന്നിവ ഇവയിൽ ഉൾപ്പെടുത്തുന്നു. 100% അജൈവ മാലിന്യങ്ങളുടെ വാതിൽപ്പടി ശേഖരണം ഉറപ്പാക്കുന്നതിന് ആവശ്യമുള്ള സ്ഥലങ്ങളിൽ അധികമായി പുതിയ ഹരിതകർമ്മ സേനാംഗങ്ങളെ നിയമിച്ചു, വാഹന സൗകര്യം ഇല്ലാത്ത ഹരിതകർമ്മ സേനയ്ക്ക് വാഹനങ്ങൾ വാങ്ങി നൽകി. ഹരിതകർമ്മ സേന അംഗങ്ങൾക്ക് ആവശ്യമായ യൂണിഫോം, സുരക്ഷാ ഉപകരണങ്ങളായ ഗ്ലൗസ്, ബൂട്ട് ഇ – പോസ് മെഷീൻ, തുടങ്ങിയവ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വിതരണം ചെയ്തു. അജൈവ മാലിന്യങ്ങളുടെ പൂർണ്ണമായ സംഭരണം ഉറപ്പാക്കുന്നതിനായി ട്രാൻസ്പോർട്ടേഷൻ പ്ലാൻ , ലിഫ്റ്റിങ് പ്ലാൻ , ഹരിതമിത്രം സ്മാർട്ട് ഗാർബേജ് ആപ്ലിക്കേഷൻ വഴിയുള്ള ഡിജിറ്റൽ മോണിറ്ററിങ് എന്നിവ ഉറപ്പാക്കി. കൂടാതെ



സംവിധാനങ്ങളുടെ ഗ്യാപ്പ് അസ്സസ്മെന്റ് , ഫയർ ഓഡിറ്റ് എന്നിവ നടത്തുകയും ഇത്തരത്തിൽ ഉള്ള സൗകര്യങ്ങളിൽ മതിയായ സംവിധാനം ഇല്ലാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അതിനായുള്ള പ്രൊജക്റ്റുകൾ തയ്യാറാക്കുന്നതിനുവേണ്ടിയുള്ള നിർ ദ്ദേശം നൽകി അവ നടപ്പാക്കുകയും ചെയ്തു. ജൈവ മാലിന്യങ്ങളുടെ 100 % ഉറവിട മാലിന്യ സംസ്കരണം സാധ്യമാക്കുന്നതിനായി ജൈവ മാലിന്യ സംസ്കരണ ഉപാധികളുടെ വിതരണം, ഇത്തരം ഉപാധികൾ പരിചയപ്പെടുത്തുന്നതിനായി പ്രദർ ശനങ്ങൾ, ഇവയുടെ ലഭ്യതയും ഗുണമേന്മയും വില്പനാന്തര സേവനങ്ങളും ഉറപ്പാക്കുന്നതിനായി ഹരിത സഹായ സ്ഥാപനങ്ങൾ, സേവനദാതാക്കൾ എന്നിവരുടെ യോഗങ്ങൾ എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലും, സംസ്ഥാന - ജില്ലാ തലങ്ങളിലും നടത്തി. ക്യാമ്പയിന്റെ പ്രധാനപ്പെട്ട ലക്ഷ്യങ്ങളിൽ ഒന്നായ ജൈവ- അജൈവ മാലിന്യങ്ങളുടെ 100% ഉറവിടത്തിൽ ഉള്ള തരംതിരിക്കൽ സാധ്യമാക്കുന്നതിനായി വിവിധ ബോധവൽക്കരണ ക്ലാസുകൾ, ഭവന സന്ദർശനങ്ങൾ, ലഘുലേഖ വിതരണം, കലാജാഥകൾ എന്നിവ ആവിഷ്ക്കരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ നടപ്പിലാക്കി. പൊതു ഇടങ്ങളിലെ മാലിന്യ കൂനകൾ നീക്കം ചെയ്യൽ, ജലാശയങ്ങളിലെ മാലിന്യം നീക്കം ചെയ്ത് നീരൊഴുക്ക് ഉറപ്പാക്കൽ എന്നിവ ക്യാമ്പയിന്റെ പ്രധാനപ്പെട്ട ലക്ഷ്യങ്ങളിൽ ഉൾപ്പെടുന്നവയാണ് ഇതിന്റെ ആദ്യപടിയായി തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിലെ മാലിന്യ കൂനകൾ (GVP-Garbage Vulnerable Point) കണ്ടെത്തി ജിയോ ടാഗ് ചെയ്തു. ഹരിത മിത്രം അപ്ലിക്കേഷൻ, വാർ റൂം പോർട്ടൽ എന്നിവ വഴി GVPകൾ കണ്ടെത്തുന്നതിനും അവ റിപ്പോർട്ട് ചെയ്യുന്നതിനും ഉള്ള സൗകര്യം ഒരുക്കി, കൂടാതെ ഇവ നീക്കം ചെയ്യുന്നത് ഉറപ്പിക്കാനായി വാർ റൂം പോർട്ടൽ വഴിയുള്ള നിരീക്ഷണവും സാധ്യമാക്കി. കൂടാതെ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ എൻ എസ് എസിന്റെ ഭാഗമായി സംസ്ഥാനത്താകെ 3000 gvp പോയിന്റുകൾ സ്നേഹാരാമങ്ങളാക്കി മാറ്റുകയും ചെയ്തു. ഇത്തരത്തിൽ സമൂഹത്തിലെ എല്ലാ ജന വിഭാഗങ്ങളെയും ഉൾപ്പെടുത്തി ഒരു വിപുലമായ ക്യാമ്പയിനായാണ് 2023 - 24 വർഷത്തിൽ നടന്നത്.



# മാലിന്യം മുക്തം നവകേരളം
## ജനകീയ ക്യാമ്പയിൻ

കേരളത്തെ സമ്പൂർണ്ണ ശുചിത്വ പ്രദേശം ആക്കി മാറ്റുന്ന പ്രവർത്തനത്തിന്റെ വേഗതയും വ്യാപ്തിയും കാര്യക്ഷമതയും വർദ്ധിപ്പിക്കാനായി ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ 2024 ജൂലൈ 26ന് സംസ്ഥാനത്തെ മുഴുവൻ രാഷ്ട്രീയ പാർട്ടി പ്രതിനിധികളെയും ഉൾപ്പെടുത്തി സർവ്വകക്ഷി യോഗം ചേർന്നിരുന്നു. സർവ്വതല സ്പർശിയും സമഗ്രവും ജനകീയവുമായ ഒരു ക്യാമ്പയിൻ 2024 ഒക്ടോബർ 2 (ഗാന്ധിജയന്തി ദിനം) മുതൽ 2025 മാർച്ച് 30 (അന്താരാഷ്ട്ര ശൂന്യ മാലിന്യ ദിനം) വരെ നടത്താനും അതിലൂടെ കേരളത്തെ സമ്പൂർണ്ണ ശുചിത്വ സംസ്ഥാനമാക്കി മാറ്റാനും ഈ യോഗം ഏകകണ്ഠമായി തീരുമാനിച്ചു. വീടുകൾ, സ്ഥാപനങ്ങൾ, ടൗണുകൾ ടൂറിസം കേന്ദ്രങ്ങൾ പൊതുസ്ഥലങ്ങൾ ജലസ്രോതസ്സുകൾ കെ.എസ്.ആർ.ടി.സി സ്റ്റാൻഡ് പോലുള്ള സ്ഥലങ്ങൾ തുടങ്ങി മുഴുവൻ പ്രദേശങ്ങളെയും പ്രത്യേകം പരിഗണിച്ച് ജനകീയ ഇടപെടലിലൂടെ ഇവയെല്ലാം മാലിന്യരഹിതമാക്കി മാറ്റുകയും അതിന്റെ സുസ്ഥിരത ഉറപ്പാക്കുകയും ചെയ്യുന്ന വിപുലമായ പ്രവർത്തന പരിപാടികളാണ് ഈ ജനകീയ ക്യാമ്പയിനിൽ വിഭാവനം ചെയ്തിട്ടുള്ളത്. ഹരിത അയൽക്കൂട്ടങ്ങൾ, ഹരിത സുന്ദര ടൗണുകൾ, ഹരിത സ്ഥാപനങ്ങൾ, ഹരിത വിദ്യാലയങ്ങൾ, ഹരിത കലാലയങ്ങൾ, ഹരിത ടൂറിസം കേന്ദ്രങ്ങൾ, ഹരിത കെ.എസ്.ആർ.ടി.സി സ്റ്റാൻഡുകൾ തുടങ്ങിയ ഘടകങ്ങൾ ഈ പ്രവർത്തനത്തിന്റെ ഭാഗമായി സമ്പൂർണ്ണതയിൽ എത്തിക്കാൻ ലക്ഷ്യമിടുന്നു. ഈ ക്യാമ്പയിന്റെ ഭാഗമായി കണ്ടെത്തുന്ന മാലിന്യ സംസ്കരണ സംവിധാനങ്ങളിലെ വിടവുകൾ പരിഹരിക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ ഒരുക്കുന്നതിനുള്ള ക്രമീകരണവും വിവിധ വകുപ്പുകളും ഏജൻസികളും നിർവഹിക്കേണ്ട ചുമതലകളും ഈ ക്യാമ്പയിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്. മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ സമ്പൂർണ്ണതയും സുസ്ഥിരതയും ഉറപ്പാക്കുകയും ജനങ്ങളുടെ മനോഭാവത്തിൽ മാറ്റം വരുത്തുന്നതിലൂടെ പുതിയ മാലിന്യസംസ്കരണ സംസ്കാരം വളർത്തിയെടുക്കലും ആണ് ഈ ക്യാമ്പയിനിലൂടെ പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ.

# നമ്മുടെ വിദ്യാർത്ഥികളുടേയും യുവാക്കളുടെയും
# മുന്നിലെ ദൗത്യം

മാലിന്യ പരിപാലനത്തിൽ സ്വീകരിക്കുന്ന അശാസ്ത്രീയ സമീപനങ്ങൾ നമ്മെ നയിക്കുന്നത് ബാഹ്യമായ ശുചിത്വ സംബന്ധിയായതോ ആരോഗ്യ സംബന്ധിയായതോ ആയ പ്രശ്നങ്ങളിലേക്ക് മാത്രമല്ല ഭൗമ താപനവും പ്രകൃതി ദുരന്തങ്ങളും കൂടി ഈ സമീപനങ്ങളുമായി ബന്ധപ്പെട്ട് കിടക്കുന്നു എന്ന് നാം തിരിച്ചറിയേണ്ടിയിരിക്കുന്നു. നമ്മൾ ഭാഗമായ ആവാസ വ്യവസ്ഥയുടെ അവിഭാജ്യ ഘടകങ്ങളും തുല്യ അവകാശികളുമായ മറ്റ് ജീവജാലങ്ങളും ഇതിന്റെ ദുരന്ത ഫലങ്ങൾ അനുഭവിക്കുന്നു. മലിനമാവുന്ന മണ്ണും ജലവും വായുവും അവയെക്കൂടി ദുരിതത്തിലാക്കുകയാണ്.

ഈ ഒരു സാഹചര്യത്തിലാണ് മാലിന്യ പരിപാലന വിഷയങ്ങളിൽ ശാസ്ത്രീയവും പ്രായോഗികവുമായ ഒരു സമീപനത്തിന്റെ ആവശ്യകത അത്യന്താപേക്ഷിതം ആയി മാറുന്നത്. സമൂഹത്തിന്റെ വിവിധ വിഭാഗങ്ങളിൽ സമഗ്രമായ ഒരു മനോഭാവ മാറ്റം തികച്ചും അനിവാര്യമായി തീർന്നിരിക്കുന്ന ഒരു ഘട്ടത്തിലൂടെയാണ് നാം കടന്നു പൊയ്ക്കൊണ്ടിരിക്കുന്നത്. അങ്ങനെയൊരു മനോഭാവ മാറ്റം നമ്മുടെ സമൂഹത്തിൽ വരുത്തുന്നതിൽ ഏവരുടെയും കൂട്ടായ പ്രവർത്തനം ആവശ്യമാണ്. അങ്ങിനെയൊരു പ്രവർത്തനത്തിന് മുൻകൈ എടുക്കാനുള്ള കഴിവ് വിദ്യാർത്ഥികൾക്കും യുവാക്കൾക്കും ഉണ്ട്. മാലിന്യമുക്തമായ നവകേരളം നമുക്കും നമ്മുടെ വരും തലമുറകൾക്കും അനുഭവവേദ്യമാക്കാനുള്ള ദൗത്യം നമുക്ക് നെഞ്ചേറ്റാം.



# അപൂർവ കേരള മാതൃകകൾ

## ഹരിത കർമ്മസേന

ഏകദേശം മുപ്പത്താറായിരത്തോളം പേർ, അതിൽ തന്നെ 99 ശതമാനവും സ്ത്രീകൾ, സംസ്ഥാനമൊട്ടാകെ അജൈവ മാലിന്യ ശേഖരണ – മാലിന്യ നീക്ക മേഖലയിൽ പ്രവർത്തിക്കുന്നു. സ്ത്രീ ശാക്തീകരണ വിഷയത്തിൽ ലോകത്തിന് തന്നെ മാതൃകയാണ് ഈ സേന. മാലിന്യമുക്ത നവ കേരളത്തിന്റെ മുഖ്യ അംബാസഡർമാരും ഇവർ  തന്നെ.



HARITHAMITHRAM

# ഹരിത മിത്രം അപ്ലിക്കേഷൻ



കേരളത്തിലെ 1034 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 1019 എണ്ണത്തിലും അജൈവ മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നത് ഈ ആപ്ലിക്കേഷൻ ഉപയോഗിച്ച് ആണ്. (ബാക്കിയുള്ള 15 ഇടങ്ങളിൽ സ്വകാര്യ ആപ്ലിക്കേഷനുകളാണ് ഉപയോഗത്തിലുള്ളത്). വാതിൽപ്പടി ശേഖരണം മുതൽ അവസാന ഘട്ട സംസ്കരണവും നിർമാർജനവും വരെയുള്ള എല്ലാ പ്രവർത്തനങ്ങളും സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കാനും വിശകലനം ചെയ്യാനും ഹരിതമിത്രം അപ്ലിക്കേഷൻ ഉപയോഗിച്ച് വരുന്നു.

# ഈ ക്യാമ്പസിൽ ലഭ്യമായ മാലിന്യ പരിപാലന സംവിധാനങ്ങൾ



# ബ്രഹ്മപുരം ഒരു പാഠമാണ്

ബ്രഹ്മപുരത്ത് കുന്നുകൂടിക്കിടന്നിരുന്നത് നമ്മൾ വലിച്ചെറിഞ്ഞ വേർതിരിക്കപ്പെടാത്ത മാലിന്യങ്ങളായിരുന്നു. അവിടെ 2023 മാർച്ച് 2 നുണ്ടായ തീപ്പിടുത്തം ഏറെ ചർച്ച ചെയ്യപ്പെട്ട സംഭവമാണ്.

കൊച്ചി കോർപ്പറേഷനും സർക്കാരും യുദ്ധകാലാടിസ്ഥാനത്തിൽ എടുത്ത നടപടികൾ കാരണം ഈ സംഭവം ഒരു വൻ ദുരന്തമായി മാറിയില്ല. മാത്രമല്ല സുചിന്തിതമായ തുടർ നടപടികളിലൂടെ ബ്രഹ്മപുരത്തെ ഇന്ന് കാണുന്ന സ്ഥിതിയിലേക്ക് മാറ്റാനും നമുക്ക് കഴിഞ്ഞു.



പാഠമിതാണ്:

ആളൊഴിഞ്ഞ പറമ്പുകളിലും, പൊതുസ്ഥലങ്ങളിലും, ജലാശയങ്ങളിലും വലിച്ചെറിയപ്പെടുന്ന മാലിന്യം രൂപപ്പെടുന്നത് നമ്മുടെ മനോഭാവം കാരണമാണ്.

എത്ര ദൂരെ ഉപേക്ഷിച്ചാലും കത്തിച്ചു തീർക്കാൻ ശ്രമിച്ചാലും അവ വായുവിലൂടെയോ, ജലത്തിലൂടെയോ നമ്മിലേക്ക് തന്നെ തിരിച്ചെത്തും

അതുകൊണ്ടു തന്നെ ആദ്യം മാറ്റേണ്ടത് നമ്മുടെ മനോഭാവമാണ്